## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1540** **04-07-2022 - ൽ മറുപടിയ്ക്ക്**

## തിരുവനന്തപുരത്ത് വച്ച് നടന്ന എറണാകുളം ജില്ലയിലെ എം.എൽ.എ.മാരുടെ യോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം ജില്ലയിലെ മണ്ഡലങ്ങളുടെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ഭവനനിർമ്മാണ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് 2021 എട്ടാം മാസം വകുപ്പ് മന്ത്രി ജില്ലയിലെ എം.എൽ.എ.മാരുടെ യോഗം വിളിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | വിഷൻ & മിഷൻ 2021-26 എന്ന പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ നിയമസഭാ സാമാജികരുടെ ഒരു യോഗം 05/08/2021-ന് തിരുവനന്തപുരം ഐ.എൽ.ഡി.എം.-ൽ വച്ച് കൂടിയിരുന്നു. ടി യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | യോഗത്തിൽ അങ്കമാലി നിയോജകമണ്ഡലത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതിന് അങ്കമാലി നിയമസഭാംഗം ആറു കാര്യങ്ങൾ പ്രതിപാദിച്ച് നൽകിയ കത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ ഇനം തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ബഹു.എം.എൽ.എ.മാർ വിഷൻ & മിഷൻ 2021-26 മായി ബന്ധപ്പെട്ട് നൽകിയ ശുപാർശകളും അഭിപ്രായങ്ങളും ഉൾപ്പെടുത്തി റവന്യൂ ഡാഷ് ബോർഡ് തയ്യാറാക്കിയിട്ടുള്ളതാണ്. അങ്കമാലി നിയോജക മണ്ഡലത്തിലെ നിയമസഭാ അംഗം എഴുതി നൽകിയ 6 കേസുകളിൽ നാളിതുവരെ സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു.<br><br>**ആവശ്യം -1 :** അങ്കമാലിയിൽ തുറവൂർ വില്ലേജിൽ 3.5 ഏക്കർ സർക്കാർ പുറമ്പോക്കുമായി ബന്ധപ്പെട്ട ഒരു കേസ് നിലവിലുണ്ട്. ഈ കേസ് അഡ്വക്കേറ്റ് ജനറലുമായി ചർച്ചചെയ്ത് കോടതിയിലെത്തിച്ച് പരിഹാരം കാണണം. വിവിധ പദ്ധതികൾ ഈ കേസ് കാരണം മുടങ്ങി കിടക്കുന്നു. ഇതിനു പരിഹാരം കാണണം.<br><br>**സ്വീകരിച്ച നടപടി :** ടി കേസ് ലിസ്റ്റിൽ ഉൾപ്പെടുത്തി അടിയന്തിരമായി പരിഗണിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാൻ 01/11/21, 07/01/22 തീയതികളിൽ L 8.2081/2020 നമ്പരായി കത്ത് നൽകിയിട്ടുണ്ട്.<br><br>**ആവശ്യം -2 :**മലയാറ്റൂർ-നീലേശ്വരം പഞ്ചായത്തിൽ FOREST INDUSTRIES TRAVANCORE LTD കൈവശം വച്ചിരിക്കുന്ന സ്ഥലത്തു പൊതുകളിസ്ഥലം നിർമ്മിക്കുന്നതിനായി അനുവാദം നൽകുന്നത് സംബന്ധിച്ച്. |

**സ്വീകരിച്ച നടപടി :** ആലുവ തഹസിൽദാരുടെ 27/10/22-ലെ സി5.118/18 നമ്പർ റിപ്പോർട്ട് പ്രകാരം FIT ന് കുത്തകപാട്ടത്തിനു നൽകിയിരുന്നതും സർക്കാരിലേയ്ക്ക് തിരിച്ചെടുത്തതുമായ ഭൂമിയിൽ പതിവുകൾ കഴിഞ്ഞു ബാക്കി 80.94 ആർ സ്ഥലം സർക്കാർ യു.പി.സ്കൂളിനു കൈമാറുന്നതിനുള്ള നടപടിയിൽ ഇരിക്കുന്നതുമാണ്.

**ആവശ്യം -3 :** മലയാറ്റൂർ - നീലേശ്വരം പഞ്ചായത്തിൽ കൊറ്റമം കമ്പിനിപ്പടി ഭാഗത്ത് പെരിയാറിനോട് ചേർന്ന പുറമ്പോക്ക് സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നത് സംബന്ധിച്ച്.

**സ്വീകരിച്ച നടപടി :** എം.എൽ.എ.യുമായി വില്ലേജ് ഓഫീസർ സംസാരിച്ച് FITയിൽ നിന്നും സർക്കാർ ഏറ്റെടുത്തതും വിവിധ വകുപ്പുകൾക്ക് കൈമാറി ബാക്കി വരുന്നതുമായ കാലടി വില്ലേജൽ കൊറ്റമം കമ്പനിപ്പടി ഭാഗത്തെ പെരിയാറിനോട് ചേർന്ന ബ്ലോക്ക് 25 റീസർവ്വെ 257/6, 291/2,3,4ൽപ്പെട്ട 23.77 ആർ പുറമ്പോക്ക് സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിനു താലൂക്ക് സർവ്വെയർക്ക് ഫയൽ കൈമാറിയിട്ടുണ്ട്, വിവരം എം.എൽ.എ.യെ അറിയിച്ചിട്ടുമുണ്ട്.

**ആവശ്യം -4 :** അയ്യമ്പുഴ വില്ലേജിലെ പാണ്ടുപ്പാറയിലെ 120 ഓളം കുടുംബങ്ങൾക്ക് പട്ടയം നിലവിലില്ല. ഇത് നൽകാനുള്ള നടപടികൾ സ്വീകരിക്കണം

**സ്വീകരിച്ച നടപടി :** എറണാകുളം ജില്ലാ കളക്ടർ L 2-46675/04 നമ്പർ കത്തുകൾ പ്രകാരം 21.01.22016, 10.12.2021 തീയതികളിൽ ലാൻഡ് റവന്യൂ കമ്മീഷർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**ആവശ്യം -5 :** കറുകുറ്റി വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തു ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നത് സംബന്ധിച്ച്.

**സ്വീകരിച്ച നടപടി :** കറുകുറ്റി വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം മഴക്കാലത്ത് വെള്ളക്കെട്ട് ഉണ്ടാകുന്ന ഉറപ്പ് കുറഞ്ഞ നിലം ആണ്. എന്നിരുന്നാലും സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനു പരിഗണിക്കാമെന്ന് തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർക്കാർ തലത്തിൽ തീരുമാനമെടുക്കേണ്ട ഈ വിഷയത്തിൽ പ്രൊപ്പോസൽ നൽകുവാൻ ഹൗസിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകി. വിവരം എം.എൽ.എ.യെ അറിയിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | **ആവശ്യം -6 :** മണ്ഡലത്തിലെ തകർന്നു വീഴാറായ വില്ലേജ് ഓഫീസുകൾ പുനർനിർമ്മിക്കുന്നത് സംബന്ധിച്ച് .<br><br>**സ്വീകരിച്ച നടപടി :** ആലുവ താലൂക്കിലെ അയ്യമ്പുഴ, മലയാറ്റൂർ, മാറ്റൂർ, നെടുംബാശ്ശേരി വില്ലേജ് ഓഫീസുകൾ Rebuild Kerala Initiative-ൽ ഉൾപ്പെടുത്തി സംസ്ഥ നിർമ്മിതി കേന്ദ്രത്തെ നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. ചൂർണിക്കര വാടാകമ്പം, ചെങ്ങമനാട്, കറുകുറ്റി, ഉറവൂർ വില്ലേജ് എന്നിവ സ്മാർട്ട് ആക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. എം.എൽ.എ.യ്ക്ക് മറുപടി നൽകിയിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത യോഗത്തിന് തുടർച്ചയായി റിവ്യൂ യോഗങ്ങൾ വീണ്ടും ചേരുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ജില്ലാ നോഡൽ ഓഫീസർമാരുടെ തുടർയോഗങ്ങൾ ലാൻഡ് റവന്യു കമ്മീഷണറുടെ കാര്യാലയത്തിൽ നടത്തിയും നിർദ്ദേശങ്ങൾ നൽകിയും 100% പുരോഗതി കൈവരിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. വിഷൻ & മിഷൻ 2021-26 ഭാഗമായുള്ള എറണാകുളം ജില്ലാതല രണ്ടാം റവന്യു അസംബ്ലി 07/07/2022-ൽ ഐ.എൽ.ഡി.എം.-ൽ ചേരുന്നതാണ്. പ്രസ്തുത യോഗത്തിൽ കഴിഞ്ഞ അസംബ്ലിയിലെ വിഷയങ്ങൾ റിവ്യു ചെയ്യുന്നതാണ് |

സെക്ഷൻ ഓഫീസർ